ധാനമുണ്ടാക്കണം. അത് ചൂണ്ടിക്കാണിക്കുന്ന ആളുകളുടെ പേരിൽ അന്യായമായ സ്ഥലം മാറ്റം നടത്തുന്ന നടപടികളുപേക്ഷിക്കണം. അത് ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) ; സർ, എഫ്.സി.ഐ. ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിൽ കേന്ദ്ര ഗവണ്മെന്റിന് വലിയ ജാഗ്രയാണ്. ഉപയോഗശൂന്യമായ ഗോതമ്പ് കുഴിച്ചിടേണ്ടിവന്നതെന്തെന്നുവച്ചാൽ മോശമായ സാധനങ്ങൾ സംസ്ഥാന ഗവണ്മെന്റ് എടുക്കയില്ലെന്ന് നിർബന്ധം പിടിച്ചതുകൊണ്ടാണ്. കഴിയുന്നിടത്തോളം സകല സിവിൽസപ്ലൈസ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം കൊടുത്തിരിക്കുന്നത് യാതൊരു കാരണവശാലും കൊള്ളരുതാത്തത് എടുക്കരുതെന്നാണ്. ഇതെല്ലാം കഴിഞ്ഞാലും ചിലപ്പോൾ പരിശോധിക്കുന്ന ചാക്ക് നല്ലതായിരിക്കും, പക്ഷേ മോശമായ സാധനം കൊടുക്കുന്നുണ്ട്. അതുകൊണ്ട് എഫ്.സി.ഐ. യുടെ സാധനങ്ങളുടെ ക്വാളിറ്റി മോശമാണെന്നുള്ള കാര്യത്തിൽ ഞാൻ ഇപ്പോൾ ഡൽഹിയിൽ പോയപ്പോഴും ഫുഡ് കോർപ്പറേഷൻ എം.ഡി. യോടും ഫുഡ് കോർപ്പറേഷൻ സെക്രട്ടറിയോടുമൊക്കെ പറഞ്ഞു, ക്വാളിറ്റിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യരുതെന്ന്. അവർ ഉറപ്പ് നൽകുന്നുണ്ട്, എങ്കിലും ഇങ്ങനെ പലതും വരുന്നുണ്ട്. എഫ്.സി.ഐ. ജീവനക്കാരെ അന്യായമായി ട്രാൻസ്ഫർ ചെയ്തതിന്റെ ഫലമായി നടത്തുന്ന ജീവനക്കാരുടെ സമരത്തോട് സിമ്പതിയാണ്. ഞങ്ങൾ വല്ലതും ഇൻഡ്യാ ഗവണ്മെന്റിനെ അറിയിക്കേണ്ടതുണ്ടെങ്കിൽ അറിയിക്കാം.

(7) നാഷണൽ ലാ സ്കൂൾ

ശ്രീ. കെ.സി. ജോസഫ് : സർ, നിയമ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും നിലവാരവും ഉയർത്തുന്നതിനുവേണ്ടി നിരവധി കാര്യങ്ങൾ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയും കേന്ദ്ര ഗവണ്മെന്റും ആലോചിച്ചുവരികയാണ്. നേരത്തേ ഇതിനുവേണ്ടി ബാർ കൗൺസിൽ ഓഫ് ഇൻഡ്യ ഒരു ട്രസ്റ്റ് രൂപീകരിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ളൂർ കേന്ദ്രമായി ഒരു നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യ സ്ഥാപിക്കുകയും ചെയ്തു. അവിടെ നിയമ വിദ്യാഭ്യാസം, ഗവേഷണം തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങളുണ്ട്. അതിന്റെ മാതൃകയിലാണ് കേരളത്തിൽ 1996-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ (ബിൽ നമ്പർ 163 ആയി) എം.കെ. നമ്പ്യാർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സയൻസസ് ബിൽ, 1996 സർക്കുലേറ്റ് ചെയ്തത്. നിയമസഭ പിരിഞ്ഞുപോയതുകൊണ്ട് പാസ്സാക്കാൻ കഴിഞ്ഞില്ല. ആ ബിൽ സർക്കുലേറ്റു ചെയ്തുവെങ്കിലും പിന്നീട് തെരഞ്ഞെടുപ്പ് വന്നു, ആ ബിൽ നിയമമായില്ല. ഇന്ന് കേരളത്തിൽ ഏതാണ്ട് ഏഴോ എട്ടോ ലാ കോളേജുകളുണ്ട്. അങ്ങും ഒരു പ്രഗൽഭനായ നിയമ വിദ്യാർത്ഥിയായിരുന്നു. നമ്മുടെ നിയമ വിദ്യാഭ്യാസത്തിന് ഇന്ന് ഒരു പരപ്പുണ്ടെന്നുള്ളതല്ലാതെ നല്ല ദേശീയ സ്ഥാപനങ്ങൾ കേരളത്തിലില്ല. ഇന്ന് ബാംഗ്ളൂരിൽ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുണ്ട്. പൂനയിലുണ്ട്. കേരളത്തിൽ ഏഴോ എട്ടോ ലാ കോളേജുണ്ടെങ്കിലും എല്ലാം സാധാരണഗതിയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളാണ്. നമുക്ക് നിയമവിദ്യാഭ്യാസരംഗത്ത് ഉന്നതമായ സ്ഥാപനങ്ങൾ കേരളത്തിലുണ്ടാകണം. രണ്ടാഴ്ച മുൻപ് കേന്ദ്ര നിയമമന്ത്രി ശ്രീ. രാംജഠ്മലാനി കൊച്ചിയിൽവച്ച് പറഞ്ഞത് എനിക്ക് വായിക്കാനിടയായി. ആറ് ദേശീയ നാഷണൽ ലാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ പോകുന്നതായി അദ്ദേഹം പറഞ്ഞു. എറണാ

LIBRARY ARCHIVES Kerala Legislative Assembly

കുളം ലാ കോളേജ് അത്തരം സ്ഥാപനമായി സ്ഥാപിക്കും, അത് ഗവണ്മെന്റിന് തയ്യാറാണെങ്കിൽ ആലോചിക്കാമെന്നു പറഞ്ഞു. എന്റെ അഭിപ്രായത്തിൽ എറണാകുളം ലാ കോളേജാണെങ്കിലും എവിടെയാണെങ്കിലും ഒരു ദേശീയ സ്ഥാപനം കേരളത്തിന് അവകാശപ്പെട്ടതാണ്. ദേശീയ രംഗത്ത് ഉന്നതമായ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലുണ്ട്. നാം സാക്ഷരതയിൽ എല്ലാം നേടി ക്കഴിഞ്ഞു. പക്ഷേ ഇന്ന് എല്ലാ രംഗത്തും കേരളം പിന്നിലാണ്. ആ പോരാ യ്മയ്ക്ക് പരിഹാരമുണ്ടാകണം. കേന്ദ്ര ഗവണ്മെന്റ് ആരംഭിക്കാൻപോകുന്ന ഒരു ദേശീയ നിയമ വിദ്യാഭ്യാസ പഠന കേന്ദ്രം കേരളത്തിന് ലഭിക്കണം. അതിനുവേണ്ടിയുള്ള ശക്തമായ സമ്മർദ്ദം കേന്ദ്രഗവണ്മെന്റിൽ ചെലുത്താനും ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുടെ മാതൃകയിൽ കേരളത്തിൽ ഒരു സ്ഥാപനമുണ്ടാക്കാനുമുള്ള നടപടികൾ സംസ്ഥാന ഗവ ണ്മെന്റ് വളരെ വൈകാതെ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. രാംജഠ്മലാനിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനപ്പുറത്തുള്ള രേഖകൾ ഒന്നും ഇല്ല. ഏതായാലും വളരെ പ്രസക്തിയുള്ള ഒരു കാര്യമാണ്. ബാംഗ്ലൂരിലെ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുടെ മാതൃകയിൽ കേരളത്തിൽ ഒരു നാഷണൽ ലാ സ്കൂൾ സ്ഥാപിക്കാൻ നമുക്ക് എല്ലാ അവകാശങ്ങളുമുണ്ട്. സ്ഥാപിക്കാൻ പോകുന്ന ആറ് നാഷണൽ സ്കൂളുകളിലൊന്ന് കേരളത്തിലായിരിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുന്നതാണ്. കേന്ദ്രമന്ത്രി ശ്രീ. രാംജഠ്മലാനിയെ താമ സംവിനാ നേരിട്ട് കണ്ട് ഈ ആവശ്യം ഉന്നയിക്കുന്നതാണ്.

(8) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

12 Noon

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കേരളത്തിലെ മുപ്പതിനായിര ത്തോളം വരുന്ന അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാ രുടെയും വളരെക്കാലമായിട്ടുള്ള പ്രശ്നങ്ങൾ ഞാൻ വീണ്ടും സഭയിൽ ഉന്നയിക്കുകയാണ്. ഇപ്പോൾ നടക്കുന്നത് പന്ത്രണ്ടാമത് സമ്മേളന മാണ്. ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും എല്ലാ സമ്മേളനത്തിലും ഈ കാര്യങ്ങൾ ഉന്നയിക്കാറുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ കുഞ്ഞുങ്ങളെ സാമൂ ഹ്യമായും വിദ്യാഭ്യാസപരമായും മാനസികമായും ഉയർത്തിക്കൊണ്ടുവരാൻ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർ മാർക്കും പാർട്ട്ടൈം സ്വീപ്പർക്ക് ലഭിക്കുന്ന വേതനംപോലും ലഭിക്കുന്നില്ല. കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുമാണ് ഇത് നൽകുന്നത്. വർക്കർ എന്നു പറയുന്ന എസ്.എസ്.എൽ.സി. പാസ്സായ സഹോദരിമാർക്ക് കേന്ദ്രം 500 രൂപ നൽകുമ്പോൾ സംസ്ഥാന ഗവണ്മെന്റ് 263 രൂപയാണ് നൽകുന്നത്. ഹെൽപ്പർമാരുടെ സ്ഥിതി അതിലും ദയനീയമാണ്. 460 രൂപയാണ് ഈ ഹെൽപ്പർമാർക്ക് അംഗൻവാടികളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. നിയ മസഭയ്ക്കു മുന്നിലും സെക്രട്ടേറിയറ്റിനു മുന്നിലും അവർ നിരവധി തവണ സമരം ചെയ്തിട്ടുണ്ട്. ധനകാര്യവകുപ്പുമന്ത്രി ഈ നിയമസഭയിൽ പ്രഖ്യാ പിച്ചു അംഗൻവാടി വർക്കർമാർക്ക് ക്ഷേമനിധി ഉണ്ടാക്കുമെന്ന്. പക്ഷെ ബഹു മാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ പാവപ്പെട്ട വിഭാഗത്തിന് അങ്ങ് എന്തെങ്കിലും ആശ്വാസം നൽകണമെ ന്നാണ്. എല്ലാ തൊഴിലാളികൾക്കും മിനിമം വേജസ് ആക്ടനുസരിച്ചുള്ള വേതനം ലഭിക്കുന്നു. അവർക്ക് മാത്രം ഈ ആക്ടും നിയമവുമില്ല. ജനകീയാ

LIBRARY ARCHIVES Kerala Legislative Assembly